വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം - 14

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം
**(ഹാജർ: എസ്. വാഹിദ്)**

**നം. A3/19909/2012 (1)** **തീയതി: 29/06/2012**

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. ജി.ഒ. (പി) നമ്പർ 85/2011/ഫിൻ തീയതി:26/02/2011
2. ജി.ഒ. (പി) നമ്പർ 143/2011/ഫിൻ തീയതി: 30/03/2011
3. ഉത്തരവ് നമ്പർ എ3/20811/2010 (3) തീയതി: 17/08/2010
4. 26/06/2012 ലെ എ3/20811/10 നമ്പരായി പ്രസിദ്ധീകരിച്ച ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.

* * * *

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിൽ വിവിധ സ്ഥാപനങ്ങളിലായി ടൈപ്പിസ്റ്റുമാരുടെ 69 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. മേൽ സൂചന (1), (2) ആയി പരാമർശിച്ചിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം ടൈപ്പിസ്റ്റ് തസ്തിക 1:1:1 എന്ന റേഷ്യോ പ്രകാരം എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളാക്കി ക്രമീകരിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ വകുപ്പിൻ കീഴിൽ ആകെ 23 യു.ഡി. ടൈപ്പിസ്റ്റ് തസ്തികകളാണ് അനുവദിക്കാവുന്നത്.

മേൽ സൂചന (3) ആയി പരാമർശിച്ച ഉത്തരവ് പ്രകാരമാണ് വകുപ്പിൻ കീഴിൽ അവസാനമായി എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയത്. ഈ ഉത്തരവിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത യോഗ്യരായ ടൈപ്പിസ്റ്റുമാരുടെ അഭാവത്താൽ 9 യു.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ ഒഴിച്ചിട്ടിരുന്നു. ഈ ഒഴിവുകളുടെ വിശദവിവരം ചുടെ ചേർക്കുന്നു.

| ക്രമ നം. | ഒഴിവുണ്ടായ തീയതിയും ഒഴിവുകളുടെ എണ്ണവും | ഒഴിവുണ്ടായ കാരണം |
|---|---|---|
| 1 | 14.1.2009 - 1 നം. | ശ്രീ. എ.വി. കുമാർ യു.ഡി. ടൈപ്പിസ്റ്റിന് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയി സ്ഥാനക്കയറ്റം നൽകിയത് മൂലം. |
| 2 | 21.1.2009 - 1 നം. | ശ്രീമതി. പി. രജനി, യു.ഡി. ടൈപ്പിസ്റ്റ്, കാറ്റഗറി മാറി യു.ഡി. ക്ലാർക്ക് ആയത് മൂലം. |
| 3 | 19.6.2009 - 2 നം. | ശ്രീ. വി.പി. ഗോപി, കെ.എ. ജോസ് എന്നിവർക്ക് സീനിയർ ഗ്രേഡ് ആയി സ്ഥാനക്കയറ്റം നൽകിയത് മൂലം. |
| 4 | 19.6.2009 - 2 നം. | എ.വി. ശ്യാമള, പി.എസ്. അനിത എന്നിവർക്ക് സീനിയർ ഗ്രേഡ് ആയി സ്ഥാനക്കയറ്റം നൽകിയത് മൂലം. |
| 5 | 19.6.2009 - 3 നം. | 10 പുതിയ ഐ.റ്റി.ഐ.കൾ അനുവദിച്ചത് പ്രകാരമുള്ള ഒഴിവുകൾ. |

നിലവിൽ വകുപ്പിൻ കീഴിൽ 14 യു.ഡി. ടൈപ്പിസ്റ്റുമാരാണ് ഉള്ളത്. ഇവരിൽ പരീക്ഷാ കമ്മീഷണറേറ്റിൽ ഡെപ്യൂട്ടേഷനിൽ തുടരുകയായിരുന്ന അനൂജ്.വി. ആർ. വകുപ്പ് വിട്ടത് മൂലം ഒരു ഒഴിവ് ഉണ്ട്. കൂടാതെ 29/06/2012 ലെ എ3/19909/2012 നമ്പർ ഉത്തരവ് പ്രകാരം 4 യു.ഡി. ടൈപ്പിസ്റ്റുമാർക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരായി സ്ഥാനക്കയറ്റം നൽകിയത് മൂലം 4 ഒഴിവുകൾ കൂടി ഉണ്ടായിട്ടുണ്ട്. ഇതുൾപ്പെടെ ആകെ 14 ഒഴിവുകൾ ആണ് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഉള്ളത്. ഈ ഒഴിവുകളിലേയ്ക്ക് സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ടൈപ്പിസ്റ്റുമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന 10 എൽ.ഡി.ടൈപ്പിസ്റ്റുമാർക്ക് കെ.എസ്. ആന്റ് എസ്.എസ്.ആറിലെ ജനറൽ റൂൾ 28 (ബി) 11 അനുസരിച്ച് 13210-22360 രൂപാ ശമ്പള സ്കെയിലിൽ യു.ഡി.ടൈപ്പിസ്റ്റുമാരായി ഉദ്യോഗക്കയറ്റം നൽകി അതാത് സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ ടൈപ്പിസ്റ്റ് തസ്തിക യു.ഡി. ടൈപ്പിസ്റ്റിന്റേതാക്കി ഉയർത്തുന്നു.

| ക്രമ നം. | പേരും സ്ഥാപനവും | സീനിയർ നമ്പർ | പ്രൊബേഷൻ പൂർത്തിയാക്കിയ തീയതി | ഒഴിവുണ്ടായ തീയതി | ഉദ്യോഗക്കയറ്റ തീയതി | ഒഴിവുണ്ടായ കാരണം. |
|---|---|---|---|---|---|---|
| 1 | നീമാ.എൻ. ഐ.ടി.ഐ. (വ)കോഴിക്കോട് | 59 | 17/6/2010 | 14/1/09 | 17/06/10 | എ.വി. കുമാറിന് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയി സ്ഥാനക്കയറ്റം നൽകിയത് മൂലം. |
| 2 | മിനി.കെ. ഐ.ടി.ഐ. ബേപ്പൂർ | 60 | 23/06/2010 | 21/1/09 | 23/06/10 | പി. രജനി, യു.ഡി. സി. ആയി കാറ്റഗറി മാറിയത് മൂലം. |
| 3 | സുരേഷ് കുമാർ. പി ഐ.ടി.ഐ. കുഴൽമന്ദം | 61 | 05/09/2010 | 19/06/09 | 05/09/10 | വി.പി. ഗോപിക്ക് സീനിയർ ഗ്രേഡ് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവ്. |
| 4 | ഉണ്ണികൃഷ്ണൻ.എം.റ്റി. ഐ.ടി.ഐ. കയ്യൂർ. | 62 | 13/07/2011 | 19/06/09 | 09/01/11 | ശ്രീ. കെ.എ. ജോസിന് സീനിയർ ഗ്രേഡായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ്. |
| 5 | സന്ധ്യാ. എം. ഐ.ടി.ഐ. പുല്ലൂർ, ഉദുമ. | 63 | 09/01/2011 | 19/06/09 | 09/01/11 | എ.വി. ശ്യാമളയ്ക്ക് സീനിയർ ഗ്രേഡായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ്. |
| 6 | ഉണ്ണികൃഷ്ണൻ. വികെ. ഐ.ടി.ഐ. (വ) മലമ്പുഴ | 64 | 13/03/2011 | 19/06/09 | 13/03/11 | പി.ജെ. അനിതയ്ക്ക് സീനിയർ ഗ്രേഡ് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ |
| 7 | ഉമൈബാ. വി. | 66 | 21/04/2011 | 19/06/09 | 21/04/11 | പത്ത് പുതിയ ഐ.ടി.ഐ.കൾ അനുവദിച്ചത് മൂലം. 23/09/11 ന് വകുപ്പ് വിട്ടു. |
| 8 | പ്രദീപ് കുമാർ. എം. ഐ.ടി.ഐ. മാറഞ്ചേരി | 67 | 20/4/2011 | 19/06/09 | 20/04/11 | പത്ത് പുതിയ ഐ.ടി.ഐകൾ അനുവദിച്ചത് മൂലം. |
| 9 | സ്വപ്ന. എസ്. രാജ് ഐ.ടി.ഐ. മുളക്കുളം | 68 | 08/05/2011 | 19/06/09 | 08/05/11 | പത്ത് പുതിയ ഐ.ടി.ഐ.കൾ അനുവദിച്ചത് മൂലം. |

| | | | | | | |
|---|---|---|---|---|---|---|
| 10 | പുഷ്പലത. എം.എ. ഐ.ടി.ഐ. വളയം | 69 | 13/07/2011 | 17/08/10 | 13/07/11 | ഡെപ്യൂട്ടേഷനിൽ ആയിരുന്ന അനൂജ് വകുപ്പ് വിട്ട ഒഴിവ്. |
| 11. | റീനാ എം.കെ. ഐ.ടി.ഐ. പുഴക്കാട്ടിരി | 71 | 21/12/2011 | 23/09/11 | 21/12/11 | ശ്രീമതി. ഉമൈബ വകുപ്പ് വിട്ട ഒഴിവിൽ |

യോഗ്യരായ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ അഭാവത്തിൽ 4 യു.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ ഒഴിച്ചിടുന്നു.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് ഒരുമാസത്തിനകം ജി.ഒ.(പി) നം. 145/2006/ഫിൻ തീയതി: 25/03/2006 പ്രകാരമുള്ള ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

*(ഒപ്പ്)*

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക്
(മേലധികാരി മുഖേന)

***പകർപ്പ്:-***

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
2. സി.എ. ടു ഡി.റ്റി.
3. സി.എ. ടു എ.ഡി.റ്റി.
4. എ7 & ജി5 സെക്ഷൻ (ഡയറക്ടറേറ്റ്)
5. എ3 സെക്ഷൻ (സ്റ്റോക്ക് ഫയൽ)
6. ഫെയർകോപ്പി സൂപ്രണ്ട്.

//അംഗീകാരത്തോടെ//

***സീനിയർ സൂപ്രണ്ട്.***

*SP/29/06*
*(P)*